ചില ഉദ്ഭൂതചിത്രങ്ങളും വരച്ച ചില ചായച്ചിത്രങ്ങളും നാലാഞ്ചിറയിലെ അദ്ദേഹത്തിന്റെ വീട്ടിൽ ഞാൻ കണ്ടിട്ടുണ്ട്. ചുററും നടന്നു വീട്ടുജോലികൾ ചെയ്യത്തക്കവിധത്തിൽ ചുവരിനോടു ചേർത്തല്ലാതെ നടുവിൽ, അടുപ്പതിണ്ണ പണിത അദ്ദേഹത്തിന്റെ അടുക്കള എന്നിൽ വളരെയധികം കൗതുകം ഉണർത്തിയിരുന്നു. ഈ അടുക്കളയിൽ നിർമിച്ച ക്രുവരക് കഞ്ഞി, പുഴുങ്ങിയ കപ്പ മുതലായ, ചെലവുകുറഞ്ഞവയെങ്കിലും സ്വാദിഷ്ടങ്ങളും പോഷകങ്ങളുമായ, പ്രാതൽ വിഭവങ്ങൾ ശ്രീ ബേക്കറോടൊപ്പം പങ്കിട്ടിട്ടുള്ളതു് എന്റെ അവിസ്മരണീയാനുഭവങ്ങളിൽപ്പെടുന്നു.

തുറന്ന നടുമുററമാണ പാർപ്പിടത്തിന്റെ ഹൃദയമെന്നു് ശ്രീ ബേക്കർ പറയാറുണ്ടു്. നടുമുററവും നാലുകെട്ടുമാണു്, ചൈനമുതൽ സ്പെയിൻവരെ, മനുഷ്യർക്കു പാർക്കാനുള്ള ഗൃഹങ്ങളുടെ അടിസ്ഥാന സംരചനാരീതി. നടുമുററംകൊണ്ടു് എന്തൊക്കെ ഉപയോഗങ്ങളുണ്ടു്! അതിൽ സാധനങ്ങൾ ഉണക്കാം; വൈകുന്നേരവും രാത്രിയിലും ഇരുന്നു കാററുകൊള്ളാം; കുടുംബാംഗങ്ങൾക്കു് ഒത്തുചേർന്നു വിനോദിക്കാം; വേണമെങ്കിൽ ചെറിയ കലാപ്രകടനങ്ങളും ആവാം. വീട്ടിനകത്തെ ചൂടു നിയന്ത്രിക്കുന്നതിലും നടുമുററത്തിനു വലിയ പങ്കാണു് ഉള്ളതു്. കേരളീയ വാസ്തുശില്പത്തിലെ കേന്ദ്രസങ്കല്പം നടുമുററമായിരുന്നു, എന്നിട്ടെന്തു്! നമ്മുടെ കെട്ടിടങ്ങളിൽനിന്നു നടുമുററം എന്നെന്നേക്കുമായി നിഷ്കാസനം ചെയ്യപ്പെട്ടുകൊണ്ടിരിക്കയാണു്. കഷ്ടം എന്നല്ലാതെ എന്തു പറയാൻ!

ബേക്കർമാതൃകയിൽ പണിത എത്രയോ കെട്ടിടങ്ങൾ ഇപ്പോൾ കേരളത്തിൽ എവിടെയും കാണാം. ശ്രീ ബേക്കറുടെ ആശയങ്ങൾ പലതും മററു വാസ്തുശില്പികളും സ്വീകരിച്ചുകഴിഞ്ഞിരിക്കുന്നു. കേരളത്തിലെ യാഥാസ്ഥിതികരായ ഇടത്തരക്കാരുടെ കെട്ടിടനിർമാണം സംബന്ധിച്ച ധാരണകളിൽ കുറെയെങ്കിലും മാററം വരുത്താൻ ശ്രീ ബേക്കർക്കു കഴിഞ്ഞിരിക്കുന്നു.

(23 ഒക്ടോബർ, 1986)

# 62. കേശവമേനോൻ ശതാബ്ദി

എട്ടുവർഷംമുമ്പു്, 1978 നവംബർ 9–ാം തീയതി, അന്തരിക്കുമ്പോൾ കെ. പി. കേശവമേനോനു് തൊണ്ണൂററിരണ്ടു വയസ്സ് തികഞ്ഞിരുന്നു. അദ്ദേഹം സ്ഥാപിക്കുകയും, ദീർഘകാലം പരിചരിച്ചു വളർത്തുകയും ചെയ്ത മാതൃഭൂമി പത്രസ്ഥാപനത്തിന്റെ ഉത്സാഹത്തിൽ, അദ്ദേഹത്തിന്റെ നൂറാം ജന്മദിനം ആഗസ്റ്റ് 30, 31, സെപ്റ്റംബർ 1 എന്നീ തീയതികളിൽ കോഴിക്കോട്ടുവച്ച് ആഘോഷിക്കുകയുണ്ടായി. രാഷ്ട്രപതി ഗ്യാനി സെയിൽസിങ്ങിന്റെ സാന്നിദ്ധ്യം ഈ ആഘോഷത്തിനു് അഖിലഭാരത വാർത്താപ്രാധാന്യം നൽകുകയുംചെയ്തു.

ദീർഘകാലം ജീവിക്കുകയും, ജീവിച്ചിരുന്ന കാലമത്രയും സ്വന്തം ജനതയുടെ ജീവിതത്തിന്റെ വിപുലങ്ങളായ മേഖലകൾക്കു് അമൂല്യമായ സംഭാവന നൽകുകയും, അതുല്യമായ വ്യക്തിവൈഭവം നിമിത്തം തന്റെ ജീവിതകാലത്തുതന്നെ ഐതിഹ്യമായിത്തീരുകയുംചെയ്ത ഒരു അസാധാരണ വ്യക്തിയായിരുന്നു കേശവമേനോൻ. 1915 മുതൽ 1918 വരെയും 1921 മുതൽ 1925 വരെയും, വിദൂരത്തിൽനിന്നുള്ള ഒരു ഭേരീരവംപോലെ അസ്പഷ്ടമായി മാത്രം മുഴങ്ങിയിരുന്ന ഇന്ത്യൻ നാഷണൽ

കോൺഗ്രസ്സിൻെറ സന്ദേശം മലബാർ പ്രദേശത്തു് ഓരോ വീട്ടിലും സ്ഫുടമായും മൂർത്തമായും എത്തിക്കുന്നതിനും, ഈ പ്രദേശത്തു പാർക്കുന്ന ഓരോ വ്യക്തിയുടെയും ഹൃദയത്തിൽ സ്വാതന്ത്ര്യദാഹത്തിൻെറ ജ്വാല ആളിപ്പടർത്തുന്നതിനും കേശവമേനോൻ ചെയ്ത നിസ്തന്ദ്രമായ പരിശ്രമം, കേരളീയരുടെ നിത്യകൃതജ്ഞതയ്ക്കു് അദ്ദേഹത്തെ അർഹനാക്കുന്നുണ്ടു്. ഇംഗ്ലണ്ടിൽനിന്നു ബിരുദംനേടി എത്തിയ ഒരു യുവ ബാരിസ്റ്റർ ആയിരുന്നു അന്നു് കേശവമേനോൻ. ഭൗതികമായ ഉയർച്ചയ്ക്കു് ഉതകുമായിരുന്ന പല മാർഗങ്ങളും തൻെറ മുന്നിൽ തുറന്നുകിടന്നിട്ടും ദേശസേവനത്തിനു സ്വയം സമർപ്പിച്ച കേശവമേനോൻ തിരഞ്ഞെടുത്തതു സ്വന്തം ജീവിതക്ലേശങ്ങൾ പരമാവധി വർധിപ്പിച്ച നിസ്സഹകരണത്തിൻെറ മാർഗമായിരുന്നു. ഗാന്ധിജിയുടെ നേതൃത്വത്തിലായിരുന്നപ്പോൾ ഇന്ത്യൻ നാഷണൽ കോൺഗ്രസ് അതിൻെറ മുഴുസമയ പ്രവർത്തകരിൽനിന്നു് അങ്ങേയററത്തെ ത്യാഗങ്ങൾ ആവശ്യപ്പെട്ടുകയുണ്ടായി. കോൺഗ്രസ് പ്രവർത്തകനെന്ന നിലയിൽ കേശവമേനോൻ അനുഷ്ഠിക്കേണ്ടിവന്ന ത്യാഗങ്ങൾ കുറച്ചൊന്നുമല്ല.

ദാരിദ്ര്യദുഃഖത്തിൽനിന്നു താൽകാലികമോചനം ആഗ്രഹിച്ചു് 1925—ൽ മലയയിലെത്തിയപ്പോഴും, കോൺഗ്രസ്സിലൂടെ അന്നോളം അനുഷ്ഠിച്ചുപോന്ന ദേശസേവനത്തിൻെറ പേരിൽ അദ്ദേഹം വേട്ടയാടപ്പെട്ടു. അടിസ്ഥാനകാര്യങ്ങളിൽ, പ്രത്യേകിച്ചും ഇന്ത്യൻ പൗരനെന്ന നിലയിൽ തൻെറ അഭിമാനത്തെയും തൻെറ രാജ്യത്തിൻെറ അഭിമാനത്തെയും സ്പർശിക്കുന്ന പ്രശ്നങ്ങളിൽ, വിട്ടുവീഴ്ചയ്ക്കു തയ്യാറില്ലാതിരുന്നതിനാൽ കേശവമേനോനു് മലയയിലെ ജീവിതം വിശ്രമമില്ലാത്ത ഒരു സമരമായിത്തീർന്നു. ഈ സമരത്തിൻെറ മൂർധന്യഘട്ടമായിരുന്നു, ജപ്പാൻകാരുടെ ജയിലിൽ അദ്ദേഹത്തിനുണ്ടായ ദാരുണപീഡാനുഭവം.

1948—ൽ ഇന്ത്യയിൽ തിരിച്ചുവന്നു് മാതൃഭൂമിയുടെ പത്രാധിപത്യം വീണ്ടും കൈയേററതിനുശേഷം 1978—ൽ മരിക്കുംവരെ, 1951—'52 വർഷങ്ങളിൽ പതിനഞ്ചുമാസക്കാലം സിലോണിൽ ഇന്ത്യയുടെ ഹൈക്കമ്മീഷണർ ആയിരുന്നപ്പോൾ ഒഴികെ, കേശവമേനോൻ കേരളീയരുടെ സാംസ്കാരിക ജീവിതത്തിൽ മധുരമായ ഒരു സാന്നിധ്യമായി നിറഞ്ഞുനിന്നു. സ്വാതന്ത്ര്യം കൈവരുംവരെ മൂല്യാധിഷ്ഠിതമായിരുന്ന, ഇന്ത്യയിലെ രാഷ്ട്രീയപ്രവർത്തനത്തിൻെറ ലക്ഷ്യം, സ്വാതന്ത്ര്യലാഭത്തെ തുടർന്നു്, അധികാരംനേടുകയും നിലനിർത്തുകയുമായി ചുരുങ്ങിയപ്പോൾ, അത്തരം രാഷ്ട്രീയപ്രവർത്തനത്തിൽ തനിക്കു യാതൊരു സ്ഥാനവുമില്ലെന്നു് കേശവമേനോൻ കണ്ടു. പഴയ കാലംമുതൽ തൻെറ സുഹൃത്തായിരുന്ന ജവാഹർലാൽനെഹ്റു നിർബന്ധിച്ചു് ഏല്പിച്ച സിലോണിലെ ഹൈക്കമ്മീഷണർ പദവി ഒഴികെ, നിയമനത്തിലൂടെയോ തെരഞ്ഞെടുപ്പിലൂടെയോ കൈവരുന്ന രാഷ്ട്രീയപദവി ഒന്നും കേശവമേനോൻ സ്വതന്ത്രഭാരതത്തിൽ തേടുകയോ നേടുകയോചെയ്തില്ല. സിലോണിലെ ഹൈക്കമ്മീഷണർസ്ഥാനംതന്നെ, നയം സംബന്ധിച്ചു് നെഹ്റുവുമായുണ്ടായ അഭിപ്രായവ്യത്യാസങ്ങളെത്തുടർന്നു്, കാലമെത്തും മുമ്പു് അദ്ദേഹം അവസാനിപ്പിക്കുകയാണുണ്ടായതു്. ഇന്ത്യയുടെ ഭരണഘടനാനിർമ്മാണസമിതിയിലോ, പാർലമെൻറിലോ അദ്ദേഹത്തിൻെറ സേവനം ആവശ്യമോ, പ്രയോജനകരമോ ആയിരിക്കുമെന്നു ചിന്തിക്കാൻ കഴിയാത്തവിധം കേരളത്തിലെ രാഷ്ട്രീയമണ്ഡലം അതിനകം സ്വാർത്ഥാന്ധമായിക്കഴിഞ്ഞിരുന്നു.

നിയതി സാഫല്യം തേടുന്നതു മനുഷ്യചിന്ത ചരിക്കാത്ത മാർഗങ്ങളിലൂടെയാവാം. രാഷ്ട്രീയം കൈവിട്ട കേശവമേനോൻ കേരളത്തിൻെറ സാംസ്കാരികജീവിതത്തിനു നൽകിയ സംഭാവന അതുല്യമായ

ഒന്നാണ്. മലയാളം മാതൃഭാഷയായ ജനങ്ങൾ നിവസിക്കുന്ന പ്രദേശങ്ങൾ ചേർത്തു് ഒരു സംസ്ഥാനം രൂപവല്ക്കരിക്കുന്നതിനുള്ള പ്രക്ഷോഭണത്തിൻെറ നേതൃസ്ഥാനത്തിൽ നിലകൊണ്ടതു് അദ്ദേഹമായിരുന്നു. പട്ടം താണുപിള്ളയടക്കം തിരുവിതാംകൂർ പ്രദേശത്തിലെയും, കേളപ്പനും മാധവമേനോനും അടക്കം മലബാർ പ്രദേശത്തിലെയും രാഷ്ട്രീയനേതാക്കളുടെ കടുത്ത എതിർപ്പിൽ പതറാതെ അദ്ദേഹം ഐക്യകേരളമെന്ന ലക്ഷ്യത്തിൽ ഉറച്ചുനിന്നു. ഈ പ്രക്ഷോഭണത്തിൽ, കേശവമേനോൻ അദ്ധ്യക്ഷനായിരുന്ന ഐക്യകേരളക്കമ്മറ്റിക്കു് സംഘടനാതലത്തിൽ പിന്തുണ നൽകിയ ഒരേ ഒരു രാഷ്ട്രീയകക്ഷി, കേരളത്തിൽ കമ്യൂണിസ്റ്റ് പാർട്ടി മാത്രമായിരുന്നു.

ജീവിതത്തിൻെറ സമഗ്രമായ വികസനത്തിൽ വിശ്വസിച്ചിരുന്ന കേശവമേനോൻെറ സംഭാവനകൾ രാഷ്ട്രീയമണ്ഡലത്തിൽ ഒതുങ്ങിനില്ക്കാത്തതിൽ അത്ഭുതമില്ല. സാമൂഹ്യനീതിക്കുവേണ്ടി കേരളീയർ നടത്തിയ സമരങ്ങളിൽ ആദ്യത്തേതും അതിമുഖ്യവുമായ വൈക്കം സത്യഗ്രഹത്തിൻെറ നേതാവും ശില്പിയുമെന്ന നിലയിൽ അദ്ദേഹത്തിനു തിരുവിതാംകൂറിൽ കുറേക്കാലം ജയിൽവാസമനുഷ്ഠിക്കേണ്ടിവന്നു. സാമൂഹ്യപ്രശ്നങ്ങളിലുള്ള അദ്ദേഹത്തിൻെറ താല്പര്യം പിന്നെപ്പിന്നെ, ദുഃഖമനുഭവിക്കുന്ന എല്ലാ വ്യക്തികളോടുമുള്ള അഗാധവും ക്രിയാത്മകവുമായ സഹാനുഭൂതിയായി വികസിച്ചു. കഷ്ടപ്പെടുന്ന എല്ലാവർക്കും ആശ്വാസകേന്ദ്രമായിത്തീർന്നു, വാർധക്യത്തിൽ, അദ്ദേഹം. കേശവമേനോനെ സമീപിച്ചിട്ടു് സാമ്പത്തികസഹായമോ, മററുവിധത്തിലുള്ള ആനുകൂല്യങ്ങളോ ലഭിക്കാത്ത ദുഃഖിതർ ഇല്ലെന്നുതന്നെ പറയാം. ചുരുങ്ങിയതു്, അനുകമ്പയിൽ കുതിർന്ന ആശ്വാസവചനങ്ങളെങ്കിലും—പലപ്പോഴും അത്രയും മതിയായിരുന്നുതാനും—അദ്ദേഹം എല്ലാവർക്കും നല്കിപ്പോന്നു.

മലയാളസാഹിത്യത്തിൽ കേശവമേനോൻ നിത്യസ്മരണീയനായിരിക്കും. കവിത ഒഴികെ സാഹിത്യത്തിൻെറ മിക്ക വിഭാഗങ്ങളിലും അദ്ദേഹം കൈവച്ചിട്ടുണ്ടു്. സാഹിത്യഅക്കാദമിയുടെ ദേശീയസമ്മാനം നേടിയ 'കഴിഞ്ഞകാലം' എന്ന അദ്ദേഹത്തിൻെറ ആത്മകഥ, മലയാളത്തിൽ ആ സാഹിത്യവിഭാഗത്തിനു് ഒരു മുതൽക്കൂട്ടുതന്നെയാണ്. മലയാളത്തിലെ ജീവചരിത്രവിഭാഗത്തെ മററു് ആരേക്കാളുമധികം കേശവമേനോൻ സമ്പുഷ്ടമാക്കിയിട്ടുണ്ടു്. തൻെറ വിശാലമായ ലോകപരിചയത്തിൽനിന്നും സംഭരിച്ച പ്രായോഗിക മനശ്ശാസ്ത്രതത്വങ്ങൾ പ്രയോജനപ്പെടുത്തി, നിന്ദിതരും പീഡിതരും ദുഃഖിതരുമായ സാധാരണവായനക്കാരെ ആശ്വസിപ്പിക്കുന്നതിനായി, അദ്ദേഹം എഴുതിയ ലളിതസുന്ദരങ്ങളായ ലേഖനങ്ങൾ ഒട്ടേറെയുണ്ടു്. ഇവയിലൂടെ 'സാന്ത്വനസാഹിത്യം' എന്ന ഒരു പുതിയ സാഹിത്യവിഭാഗംതന്നെ മലയാളത്തിൽ കേശവമേനോൻ നിർമ്മിച്ചിരിക്കുന്നു.

രാഷ്ട്രീയപ്രസ്ഥാനങ്ങൾക്കു കൈമോശം വന്ന മൂല്യബോധം ജനങ്ങളുടെ ഹൃദയങ്ങളിൽ പുനഃപ്രതിഷ്ഠിക്കുന്നതിനുദ്ദേശിച്ചു് 'പൗരസംഘം' എന്ന ഒരു അരാഷ്ട്രീയ 'ബഹുജന' സംഘടന പടുത്തുയർത്തുവാൻ കേശവമേനോൻ അവസാനകാലത്തു ചെയ്ത പരിശ്രമം സഫലമായില്ല. പൂർണമായ അന്ധതയും വാർദ്ധക്യസഹജങ്ങളായ മററു് അവശതകളും ഉണ്ടായിരുന്നിട്ടും ഗാന്ധിയുഗത്തിൻേറതായ സനാതന—മാനുഷിക മൂല്യങ്ങൾ ജനശ്രദ്ധയിൽ കൊണ്ടുവരുന്നതിനും നിലനിർത്തുന്നതിനും അദ്ദേഹം നിരന്തരം യത്നിച്ചുവന്നു. മരിക്കുംവരെ ഈ യത്നം, ഏതാണ്ടൊരു നിഷ്കാമയജ്ഞംപോലെ, അദ്ദേഹം അനുഷ്ഠിക്കുകയുംചെയ്തു.

തനിക്കു നൂറുവയസ്സു തികയുന്നതു് ആഘോഷിക്കുവാൻ കോഴിക്കോട്ടു ചേർന്ന പൊതുയോഗത്തിൽ സന്നിഹിതനായിരുന്നുവെങ്കിൽ, ആ

യോഗത്തിൽ ആധ്യക്ഷ്യംവഹിച്ച കേരള മുഖ്യമന്ത്രി ശ്രീ കരുണാകരനോട് കേശവമേനോൻ എന്തു പറയുമായിരുന്നു? കേരളത്തിൽ ഇന്നു നടന്നുകൊണ്ടിരിക്കുന്ന, 'റഫറിയും നിയമങ്ങളുമില്ലാത്ത രാഷ്ട്രീയക്കളി'യെപ്പറ്റി എന്തഭിപ്രായമാണ് കേശവമേനോന് ഉണ്ടായിരിക്കുക? രാഷ്ട്രീയത്തിന്റെ പേരിൽ പരസ്യമായി നടക്കുന്ന മുതലെടുപ്പിനെപ്പറ്റി, പൊതുഭരണശരീരത്തിൽ ക്യാൻസർപോലെ വ്യാപിച്ചുകഴിഞ്ഞിട്ടുള്ള കൈക്കൂലിയെപ്പറ്റി, പരസ്പരം കുത്തി ചോര വാർക്കുന്ന യുവജനങ്ങളെപ്പറ്റി, സാർവത്രികമായ അച്ചടക്കരാഹിത്യത്തെപ്പറ്റി, നിരർത്ഥകങ്ങളായ പണിമുടക്കുകളെപ്പറ്റി, ഇതൊന്നും കാണാതെ, വരാനിരിക്കുന്ന തെരഞ്ഞെടുപ്പിൽ എങ്ങനെ ഭൂരിപക്ഷം വോട്ടു നേടാമെന്നതിൽമാത്രം കണ്ണുനട്ടിരിക്കുന്ന വൈക്കോൽ നേതാക്കളെപ്പറ്റി, രാജ്യത്തിനകത്തെ കടുത്ത ധർമലോഭത്തെപ്പറ്റി, ശതായുസ്സായ കേശവമേനോൻ എന്താവാം ചിന്തിച്ചിരിക്കുക?

ഉള്ളിൽ ഒന്നിരിക്കെ മറ്റൊന്നു പറയുവാൻ കേശവമേനോൻ ശീലിച്ചിരുന്നില്ല. പറയണമെന്നു തനിക്കു തോന്നിയതു് ആരുടെ മുഖത്തു നോക്കിയും പറയാൻ ആവശ്യമായ ധീരത—സാഹസികത എന്നുതന്നെ പറയാം—ആയിരുന്നു അദ്ദേഹത്തിന്റെ സവിശേഷത.

പക്ഷേ, കേരളത്തിലെ ഇന്നത്തെ രാഷ്ട്രീയക്കാരോടു് എന്തു പറയാനാണു്, പ്രത്യേകിച്ചും കോൺഗ്രസ്സുകാരോടു്! ഇപ്പോഴും ജീവിച്ചിരുന്നുവെങ്കിൽ, കേശവമേനോൻ തന്റെ ശതാബ്ദിയാഘോഷത്തിൽ സന്നിഹിതനാവാൻ വിസമ്മതിച്ചേനെ എന്നാണു്, വളരെക്കാലത്തോളം അദ്ദേഹത്തോടു് വളരെ അടുത്തു പെരുമാറുവാൻ ഭാഗ്യം കൈവന്നിട്ടുള്ള എനിക്കു തോന്നുന്നതു്.

ഇനി, അഥവാ, പരിസ്ഥിതികളുടെ സമ്മർദംമൂലം (രാഷ്ട്രപതിയെ ബഹുമാനിക്കണമല്ലൊ!) ആ പൊതുയോഗത്തിൽ സന്നിഹിതനാകാൻ നിർബന്ധിതനായെങ്കിൽ, തികച്ചും നിശ്ശബ്ദനായ അദ്ദേഹത്തിന്റെ കാഴ്ച എന്നെന്നേക്കുമായി നശിച്ച കണ്ണുകളിൽനിന്നു് അഗാധവേദനമൂലം ഉരുകിയൂറുന്ന കണ്ണുനീർ ധാരധാരയായി ഒഴുകുന്നതു രാഷ്ട്രീയതിമിരം ബാധിച്ചുകഴിഞ്ഞിട്ടില്ലാത്ത സദസ്യർ തീർച്ചയായും കാണുമായിരുന്നു!

(28 സെപ്തംബർ, 1986)

# 63. സാന്ത്വന സാഹിത്യം

1952 മുതൽ 1968 വരെ, പതിനാറു വർഷങ്ങളോളം കേശവമേനോന്റെ സഹപ്രവർത്തകനും സന്തതസഹചാരിയുമായിരിക്കുവാനുള്ള ഭാഗ്യം എനിക്കു കൈവന്നിരുന്നു. 1968–നു ശേഷം 1978 നവംബറിൽ കേശവമേനോൻ അന്തരിക്കുന്നതുവരെ, അദ്ദേഹത്തോടു് എനിക്കുള്ള ബന്ധം അവിച്ഛിന്നംതന്നെയായിരുന്നു. മാതൃഭൂമി പത്രത്തിന്റെ നടത്തിപ്പിനു പുറമെ, ഐക്യ കേരളക്കമ്മററി, സാഹിത്യ അക്കാദമി, തുഞ്ചൻ സ്മാരകക്കമ്മററി മുതലായ വേറെയും പല കർമമേഖലകളിലും അദ്ദേഹവുമായി വളരെ അടുത്തു് ഇടപഴകാൻ എനിക്കു് അവസരമുണ്ടായിട്ടുണ്ടു്. സ്വന്തം കുടുംബത്തിലെ ഒരംഗത്തോടെന്നപോലെയാണു് കേശവമേനോൻ എന്നോടു പെരുമാറിവന്നിട്ടുള്ളതു്. കേശവമേനോന്റെ അദ്വിതീയമായ വ്യക്തിത്വത്തിന്റെ വിശദാംശങ്ങളടങ്ങിയ വർണോജ്ജ്വല